**കാലിക്കറ്റ് സർവകലാശാല**

നമ്പർ. 89571/CDC-A3/2021/Admn

തീയതി: 21.05.2024

**<u>സർക്കുലർ</u>**

വിഷയം:- സി.ഡി.സി - സർവകലാശാലക്ക് കീഴിലുള്ള ആർട്സ് & സയൻസ് കോളേജുകളിലെയും അറബിക്/ഓറിയന്റൽ ടൈറ്റിൽ കോളേജുകളിലെയും ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ 2024-25 അധ്യയന വർഷത്തേക്ക് മാത്രമായി താൽക്കാലിക സീറ്റ് വർദ്ധനവിനുള്ള (Marginal Increase) അപേക്ഷ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. 21.05.2024 തീയതിയിലെ 7990/2024/Admn നമ്പർ സർവകലാശാല ഉത്തരവ്.

കാലിക്കറ്റ് സർവകലാശാലക്ക് കീഴിലുള്ള ആർട്സ് & സയൻസ് കോളേജുകളിലെയും അറബിക്/ഓറിയന്റൽ ടൈറ്റിൽ കോളേജുകളിലെയും വിവിധ പ്രോഗ്രാമുകളിൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം പരമാവധി ഒഴിവാക്കുന്നതിന്ന് പ്രവേശന നടപടികളുടെ തുടക്കത്തിൽ തന്നെ സർക്കാർ മുൻവർഷങ്ങളിൽ നിശ്ചയിച്ച സീറ്റ് പരിധിയിൽ 2024-25 അധ്യയന വർഷത്തേക്ക് മാത്രമായി താൽക്കാലികമായി സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന്, സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

ആയതിനാൽ, സർവകലാശാലയ്ക്കു കീഴിലുള്ള ആർട്സ് & സയൻസ് കോളേജുകൾ, അറബിക്/ഓറിയന്റൽ ടൈറ്റിൽ കോളേജുകൾ എന്നിവയിൽ നടത്തുന്ന വിവിധ ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലെ അനുവദനീയമായ സീറ്റുകളിലേക്ക് ചുവടെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി 2024-25 അധ്യയന വർഷത്തേക്ക് മാത്രമായി താൽക്കാലിക സീറ്റ് വർദ്ധനവിന് (Marginal Increase) നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

**<u>അർഹത മാനദണ്ഡം</u>**

1. 2022-23 അധ്യയന വർഷത്തിലോ അതിനു മുൻപോ പ്രൊവിഷണൽ അഫിലിയേഷൻ ലഭിച്ച് അധ്യയനം തുടങ്ങിയ ആർട് സ് & സയൻസ് കോളേജുകളിലെയും അറബിക്/ഓറിയന്റൽ ടൈറ്റിൽ കോളേജുകളിലെയും വിവിധ പ്രോഗ്രാമുകൾക്ക് മാത്രമേ താൽക്കാലിക സീറ്റ് വർദ്ധനവിന് അർഹതയുള്ളൂ.
2. സ്വാശ്രയ മേഖലയിലെ പ്രോഗ്രാമുകളിൽ 2023-24 അധ്യയന വർഷത്തിൽ അനുവദനീയ സീറ്റുകളിൽ (Sanctioned Intake) മുഴുവനായോ അതിനു മുകളിലോ പ്രവേശനം നടത്തിയ പ്രോഗ്രാമുകൾക്ക് കോളേജിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന പട്ടികയിലെ പരമാവധി സീറ്റു പരിധിക്കു വിധേയമായി സീറ്റ് വർദ്ധനവ് അനുവദിക്കുന്നതാണ്. അല്ലാത്ത പക്ഷം, ഓരോ പ്രോഗ്രാമിനും അനുവദനീയ സീറ്റുകളുടെ (Sanctioned Intake) 20% വരെ മാത്രം, പരമാവധി സീറ്റു പരിധിക്കു വിധേയമായി താൽക്കാലിക സീറ്റ് വർദ്ധനവ് അനുവദിക്കുന്നതാണ്.

**<u>മറ്റു നിബന്ധനകൾ</u>**

1. ഗ്രോസ് എൻറോൾമെൻറ് റേഷ്യോ (GER) പടിപടിയായി വർദ്ധിപ്പിക്കേണ്ടതിന്റെ ഭാഗമായി 2024-25 അധ്യയന വർഷത്തിൽ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെ ഗവൺമെന്റ്/എയ്ഡഡ് ബിരുദ, ബിരുദാനന്തര-ബിരുദ സയൻസ് പ്രോഗ്രാമുകൾക്ക് നിലവിലെ ഇൻടേക്കിന്റെ 20% സീറ്റും മറ്റു പ്രോഗ്രാമുകൾക്ക് നിലവിലെ ഇൻടേക്കിന്റെ 30% സീറ്റും നിർബന്ധമായും വർദ്ധിപ്പിക്കുന്നതാണ്. കൂടുതൽ വർദ്ധനവ് ആവശ്യമെങ്കിൽ കോളേജിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അർഹതയുള്ള പ്രോഗ്രാമുകൾ ക്ക് പരമാവധി സീറ്റു പരിധി വരെ സീറ്റ് വർദ്ധനവ് അപേക്ഷ ഫീസ് ഈടാക്കാതെ തന്നെ അനുവദിക്കുന്നതാണ്.
2. 2024-25 അധ്യയന വർഷത്തേക്ക് ആർട് സ് & സയൻസ് കോളേജുകളിലെയും, അറബിക്/ഓറിയന്റൽ ടൈറ്റിൽ കോളേജുകളിലെയും അനുവദനീയമായ പ്രോഗ്രാമുകൾക്ക് കോളേജുകളുടെ അപേക്ഷയുടെ (അപേക്ഷ ഫോറത്തിന്റെ മാതൃക ഇതോടപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്) അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന പരാമാവധി സീറ്റ് പരിധി വരെ താൽക്കാലിക സീറ്റ് വർദ്ധനവ് അനുവദിക്കുന്നതാണ്.

| ക്രമ നം. | ബിരുദം/ബിരുദാനന്തരം | പ്രോഗ്രാമ്മിന്റെ പേര് | പരമാവധി സീറ്റ് പരിധി |
|---|---|---|---|
| 1 | ബിരുദം | ബി.എസ്.സി., ബി.സി.എ. | 55 |
| 2 | | മറ്റ് ബിരുദ വിഷയങ്ങൾ | 70 |
| 3 | ബിരുദാനന്തരം | എം.എസ്.സി വിഷയങ്ങൾ (മാത്തമാറ്റിക്സ് ഒഴികെ) | 20 |
| 4 | | ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകൾ | 40 |
| 5 | | മറ്റ് ബിരുദാനന്തര വിഷയങ്ങൾ | 30 |

3. 2024-25 അധ്യയന വർഷത്തേക്കു നൽകുന്ന താത്ക്കാലിക സീറ്റ് വർദ്ധനവിന് ആ വർഷത്തെ പ്രവേശനത്തിന് മാത്രമേ സാധുതയുള്ളൂ.
4. സ്പെഷ്യൽ റിസർവേഷൻ സീറ്റുകളായ സ്പോർട് സ് ക്വാട്ട, ലക്ഷദ്വീപ് ക്വാട്ട, പി.എച്ച്. മുതലായവക്കുള്ള (സ്വാശ്രയ കോളേജുകളിലെ EWS സീറ്റുകൾ ഒഴികെ) സീറ്റുകൾ മേൽ പട്ടികയിലെ പരമാവധി സീറ്റ് പരിധിക്കുള്ളിൽ നിന്ന് തന്നെ നികത്തേണ്ടതാണ്.
5. കോളേജുകളിൽ താൽകാലിക സീറ്റ് വർദ്ധനവ് നടപ്പിൽ വരുമ്പോൾ സർക്കാരിനോ സർവ്വകലാശാലയ്ക്കോ യാതൊരു വിധത്തിലുമുള്ള അധിക സാമ്പത്തിക ബാധ്യതയും ഉണ്ടാവാൻ പാടില്ല.
6. താൽക്കാലിക സീറ്റ് വർദ്ധനവ് ലഭിക്കുന്നത് മൂലം പ്രോഗ്രാമുകളുടെ നിലവിലുള്ള അനുവദനീയ സീറ്റിൽ (Sanctioned Intake) മാറ്റം വരുന്നതല്ല.
7. താൽക്കാലിക സീറ്റ് വർദ്ധനവ് ലഭിച്ച സീറ്റുകളിലേക്ക് അഡ്മിഷൻ നടത്തുന്നതിന് നിലവിലുള്ള സംവരണ നിയമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.
8. താൽക്കാലിക സീറ്റ് വർദ്ധനവ് ലഭിച്ച സീറ്റുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുമ്പോൾ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സർവകലാശാലക്ക് കീഴിലുള്ള എല്ലാ കോളേജുകളും കർശനമായി പാലിക്കേണ്ടതാകുന്നു. അല്ലാത്ത പക്ഷം കോളേജുകൾക്കെതിരെ ശക്തമായ അച്ചടക്ക നടപടികൾ കൈകൊള്ളുന്നതാണ്.

**അപേക്ഷ ഫീസും അപേക്ഷിക്കേണ്ട വിധവും**

1. സ്വാശ്രയ ആർട് സ് & സയൻസ്, സ്വാശ്രയ അറബിക്/ഓറിയന്റൽ ടൈറ്റിൽ പ്രോഗ്രാമുകൾക്ക് ഒരു പ്രോഗ്രാമ്മിന് **₹6,000/- (ആറായിരം രൂപ മാത്രം)** എന്ന നിരക്കിൽ അപേക്ഷ ഫീസ് ഒടുക്കേണ്ടതാണ്. ഗവണ്മെന്റ്/എയ്ഡഡ് പ്രോഗ്രാമുകൾക്ക് അപേക്ഷ ഫീസ് ഒടുക്കേണ്ടതില്ല. അപേക്ഷ ഫീസ് **'OTAA01-Affiliation or Administration Fees'** എന്ന ശീർഷകത്തിൽ ഓൺലൈൻ പേയ്മെന്റ്/അക്ഷയ/ഫ്രണ്ട്സ് ജനസേവനകേന്ദ്രം/പോസ്റ്റ് ഓഫീസ് മുതലായവ വഴി ഒടുക്കേണ്ടതാണ്. ഒരു കോളേജിലെ വിവിധ പ്രോഗ്രാമുകൾക്കായി ഒരു അപേക്ഷ ഫോറത്തിൽ അപേക്ഷിച്ചാൽ മതി.
2. സ്വാശ്രയ മേഖലയിലെ പ്രോഗ്രാമുകൾക്കുള്ള അപേക്ഷയുടേയും ഫീസ് ഒടുക്കിയ ചലാൻ രസീതിന്റെയും പി.ഡി.എഫ് ഫോർമാറ്റിലുള്ള സ്കാൻ ചെയ്ത പകർപ്പ് **cumarginalincrease@uoc.ac.in** എന്ന ഇ-മെയിലിലേക്കും ഗവൺമെന്റ്/ എയ്ഡഡ് പ്രോഗ്രാമുകൾക്കുള്ള അപേക്ഷകൾ **marginal@uoc.ac.in** എന്ന ഇ-മെയിലിലേക്കും മാത്രം അയക്കേണ്ടതാണ്. **അപേക്ഷയുടെ ഒറിജിനൽ അയക്കേണ്ടതില്ല.**
3. പൂരിപ്പിച്ച അപേക്ഷകൾ കോളേജുകളുടെ ഔദ്യോഗിക ഇ-മെയിൽ വഴി സ്വീകരിക്കുന്ന അവസാന തീയതി **25.05.2024.** അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ അറിയിപ്പില്ലാതെ നിരസിക്കുന്നതാണ്.

Damodaran T.P
ഡെപ്യൂട്ടി രജിസ്ട്രാർ

സ്വീകർത്താവ്:-

1. ആർട്സ് & സയൻസ് , അറബിക്/ ഓറിയന്റൽ കോളേജുകളുടെ പ്രിൻസിപ്പൽമാർക്ക് (അറിവിലേക്കും ആവശ്യമായ നടപടിക്കും).
2. ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ.
3. അസിസ്റ്റന്റ് രജിസ്ട്രാർ, ഡിജിറ്റൽ വിങ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

പകർപ്പ്:
വൈസ് ചാൻസലറുടെ പി.എസ്/ രജിസ്ട്രാറുടെ പി.എ/സി.ഇ യുടെ പി.എ/ സിഡിസിയിലെ വിവിധ സെക്ഷനുകൾ/ജെഡി, ഓഡിറ്റ് വകുപ്പ് /കരുതൽ ഫയൽ.

**UNIVERSITY OF CALICUT**
**(College Development Council)**
**APPLICATION FOR MARGINAL INCREASE FOR 2024-25**
**(vide Circular No. 89571/CDC-A3/2021/Admn dated 21/05/2024)**

| | |
|---|---|
| **Name of College with district and Phone Number** | |
| **Name of the Educational Agency** | |

**Details of programmes for which Marginal Increase is applied for:-**

| No | Programmes | Sanctioned Intake | MI required | Total | Remarks |
|---|---|---|---|---|---|
| 1 | | | | | |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | | | | |
| 6 | | | | | |
| 7 | | | | | |
| 8 | | | | | |
| 9 | | | | | |
| 10 | | | | | |
| 11 | | | | | |

(Attach seperate sheet, if required)

**Details of Fee Remitted**

| Challan no. | Challan Date | Amount | Mode of Remittance (Online only) |
|---|---|---|---|
| | | | |

**Certified that the college has sufficient institutional and infrastructural facilities required for the marginal increase now applied for. Also certified that admission of candidates to the enhanced seats, if sanctioned, shall be made strictly in accordance with the admission rules as prescribed by the University and also as contained in the circular No. 89571/CDC-A3/2021/Admn dated 21/05/2024.**

**College Seal**

**Dated signature of the Principal with seal**